**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2715** **07.12.2018-ൽ മറുപടിയ്ക്ക്**

# പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ ജോലി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ ജോലി ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട യുവതീ യുവാക്കൾക്ക് Oil & Rig മേഖലയിൽ ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ/പൈപ്പ് ഫാബ്രിക്കേറ്റർ കോഴ്സ്, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻ, നഴ്സിംഗ് മേഖലയിൽ IELTS/TOEFL/NEP കോഴ്സുകൾ എന്നിവയിൽ പരിശീലനം നൽകി വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ വർഷം പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | 2018-19 സാമ്പത്തിക വർഷം Oil & Rig മേഖലയിൽ Pipe Fabricator/Industrial Electrician കോഴ്സിൽ 200 പേർക്കും സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻ കോഴ്സിൽ 100 പേർക്കും പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനും NEP/IELTS കോഴ്സിന് 60 പേർക്കും IELTS/TOEFL കോഴ്സിന് 30 പേർക്കും പരിശീലനം നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ? | (സി) | 1) Oil & Rig മേഖലയിൽ ഗൾഫ് രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ ഉള്ള കോഴ്സിൽ 2017-18 വർഷം 150 പേർക്കും, 2018-19 വർഷം 200 പേർക്കും പരിശീലനം നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം പരിശീലനം പൂർത്തിയാക്കി, ആദ്യ ബാച്ചിലെ 50 പേരിൽ 20 പേർക്ക് വിദേശത്ത് ജോലി ലഭിച്ചിട്ടുണ്ട്. 27 പേരുടെ വിസ പ്രൊസസിങ് നടന്നു വരുന്നു. 100 പേരുടെ കൂടി പരിശീലനം പൂർത്തിയായിട്ടുണ്ട്. പ്ലേസ്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു.<br>2) ഹോട്ടൽ മാനേജ്മെന്റ് രംഗത്ത് വിദേശ രാജ്യങ്ങളിൽ തൊഴിൽ സാധ്യതയുള്ള ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സിന് 2017-18, 2018-19 വർഷങ്ങളിൽ 100 പേർക്കു |

| | | | |
|---|---|---|---|
| | | | വീതം പരിശീലനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2017-18 വർഷം, പരിശീലനം പൂർത്തിയാക്കിയ 28 പേർക്ക് വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് 75% പ്ലെയിസ്മെന്റ് ലഭ്യമാകുന്നതാണെന്ന് സ്ഥാപനം ഉറപ്പ് നൽകിയിട്ടുണ്ട്.<br>**3)** നഴ്സിംഗ് പരിശീലനം പൂർത്തിയാക്കിയ 60 യുവതീ യുവാക്കൾക്ക് UK, Ireland, Qatar എന്നീ വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാകുന്ന നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം/IELTS കോഴ്സ് നടത്തുന്നതിന് 2017-18 വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>**4)** തൊഴിലിനും ഉപരിപഠനത്തിനും വിദേശ രാജ്യങ്ങളിൽ പോകുന്ന 30 പട്ടികജാതി ഗുണഭോക്താക്കൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യവും ആശയ വിനിമയ ശേഷിയിൽ നൈപുണ്യം ലഭ്യമാക്കാനുതകുന്ന IELTS/TOEFL പരിശീലന പദ്ധതിയ്ക്കായി 2017-18 വർഷം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**